# കേരള സർവകലാശാല

നം.പി.ആർ.100/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

## എം.എസ്.സി കംപ്യൂട്ടേഷണൽ ബയോളജി കോഴ്സ് തുടങ്ങി

കേരള സർവകലാശാല സെന്റർ ഫോർ ബയോ ഇൻഫോർമാറ്റിക്സ് പഠന കേന്ദ്രത്തെ താമസിയാതെ ഒരു പഠന ഗവേഷണ വകുപ്പാക്കി ഉയർത്തുമെന്ന് വൈസ് ചാൻസലർ ഡോ.എം.കെ രാമചന്ദ്രൻ നായർ പറഞ്ഞു.

കാര്യവട്ടം ബയോഇൻഫർമാറ്റിക്സ് കേന്ദ്രത്തിൽ എം.എസ്.സി. കംപ്യൂട്ടേഷണൽ ബയോളജി കോഴ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചുരുങ്ങിയ കാലംകൊണ്ട് യു.ജി.സി പോലുള്ള വിവിധ ഏജൻസികളിൽ നിന്നായി ഒന്നര കോടിയോളം രൂപയുടെ ധനസഹായം നേടിയെടുക്കാൻ ഈ പഠനകേന്ദ്രത്തിന് കഴിഞ്ഞത് വലിയ നേട്ടമാണ്. ആധുനിക പഠന വിഷയങ്ങളെ ആധികാരികമായി കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരമാണിത് - വി.സി.പറഞ്ഞു.

യു.ജി.സി.യുടെ ഇന്നവേറ്റീവ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി പ്രത്യേക ധനസഹായത്തോടെ തുടങ്ങുന്നതാണ് എം.എസ്.സി കംപ്യൂട്ടേഷണൽ ബയോളജി കോഴ്സ്. ഉദ്ഘാടനത്തിന്റെ ഭാഗമായി കോഴ്സിൻെറ അക്കാഡമിക് ഡയറി വിതരണവും വി.സി. നിർവഹിച്ചു.

ചടങ്ങിൽ പ്രോ.വൈസ് ചാൻസലർ ഡോ. വി.ജയപ്രകാശ്, സിൻഡിക്കേറ്റംഗം ഡോ.സിറിൾ ജോൺസൺ, കേന്ദ്രം ഓണററി ഡയറക്ടർ ഡോ.അച്ചുത് ശങ്കർ എസ്.നായർ എന്നിവർ സംസാരിച്ചു.

## ബി.എ., ബി.എസ് സി., ബി.കോം ഫലം

കേരള സർവകലാശാല രണ്ടാം വർഷ ബി.എ., ബി.എസ് .സി., ബി.കോം (പാർട്ട് I , പാർട്ട് II) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഈ പരീക്ഷയിൽ തോറ്റവർക്ക് മേയ് 22-ന് ആരംഭിക്കുന്ന പരീക്ഷയ്ക്കു വേണ്ടി പിഴയില്ലാതെ മേയ് 15 (50 രൂപ പിഴയോടെ മേയ് 17, 250 രൂപ പിഴയോടെ മേയ് 19) വരെ അപേക്ഷിക്കാം. ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ജൂൺ ഒൻപത് വരെ സ്വീകരിക്കും.

## മേരിമാത കോളേജിലെ ഫീസ്

പാലിയോട് മേരിമാത എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് ഏഴും എട്ടും സെമസ്റ്റർ വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ മേയ് 15 വരെ (50 രൂപ പിഴയോടെ മേയ് 19) പരീക്ഷയ്ക്കുള്ള അപേക്ഷ നൽകാം.

സർവകലാശാല മന്ദിരം
തിരുവനന്തപുരം
09.05.2008.

എസ്.ഡി.പ്രിൻസ്
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

..........................................................................

e-mail: keralauniversity @ vsnl.com website: www.kerala university.edu

# കേരള സർവകലാശാല

നം.പി.ആർ.100/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പി.ജി.ആയുർവേദ (പ്രിലിമിനറി) പരീക്ഷ

കേരള സർവകലാശാല ജൂൺ 3-ന് തുടങ്ങുന്ന പി.ജി. ആയുർവേദ (പ്രിലിമിനറി) പരീക്ഷക്ക് പിഴയില്ലാതെ മേയ് 15 (50 രൂപ പിഴയോടുകൂടി മേയ് 17, 250 രൂപ പിഴയോടുകൂടി മേയ് 20) വരെ അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി. ക്യാമ്പ് ഫീസ് കൂടി അടയ്ക്കണം.

### എൽ.എൽ.ബി. പരീക്ഷ

കേരള സർവകലാശാല ജൂലൈ 15-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷക്ക് പിഴ കൂടാതെ ജൂൺ രണ്ട് (50 രൂപ പിഴയോടു കൂടി ജൂൺ 6, 250 രൂപ പിഴയോടു കൂടി ജൂൺ 11) വരെ അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി.ക്യാമ്പ് ഫീസ് കൂടി അടയ്ക്കണം.

### എം.ബി.എ. പരീക്ഷ

കേരള സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള മേയ് 30-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (സി.എസ്.എസ് 2007-09) പരീക്ഷയ്ക്ക് പിഴയില്ലാതെ മേയ് 14 (50 രൂപ പിഴയോടു കൂടി മേയ് 16) വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം എസ്.ഡി.പ്രിൻസ്
തിരുവനന്തപുരം പബ്ലിക് റിലേഷൻസ് ഓഫീസർ
09.05.2008.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

……………………………………………………………………………
e-mail: keralauniversity @ vsnl.com website: www.kerala university.edu